**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **22-02-2022 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കേണ്ടി വരുന്നത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന്റെ വാടക ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത് ; കുടിശ്ശിക തുക ലഭിക്കുന്നതിന് കെട്ടിടത്തിന്റെ ഉടമസ്ഥരായ മങ്കട സർവ്വീസ് സഹകരണ ബാങ്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; അതിന്മേൽ കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31.03.2021 തീയതി വരെയുള്ള വാടകയായ 5,32,318/- രൂപ നൽകിയിട്ടുണ്ട്. 01.04.2021 മുതലുള്ള 10 മാസത്തെ വാടകയായ 43,660/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശികയുള്ള വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി കണ്ടെത്തിയ സ്വകാര്യ വ്യക്തിയുടെ ഭൂമി കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലാത്തതിനാൽ മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A യിൽപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നാവശ്യപ്പെട്ട റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര വകുപ്പിൽനിന്നാവശ്യപ്പെട്ട റിപ്പോർട്ട് ഏറ്റവുമൊടുവിൽ എന്നാണ് സമർപ്പിച്ചിട്ടുള്ളത്; റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ആഭ്യന്തര വകുപ്പിൽ നിന്നുമാവശ്യപ്പെട്ട റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ